കൂടാതെ ആരോഗ്യവകുപ്പ് മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും 24,000 - രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ളവർക്ക് ഒരു സർക്കാർ ഡോക്ടറിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും ആശ്വാസ ധനസഹായമായി ഒരിക്കൽ മാത്രം 2000 രൂപ അനുവദിക്കുന്നുണ്ട്. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് തദ്ദേശ സ്വയംഭരണാധികാരിയുടെ സർട്ടിഫിക്കറ്റ് എന്നിവയും ഹാജരാക്കേണ്ടതാണ്.

(ഡി) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**നിർദ്ധനരായ രോഗികൾക്ക് ധനസഹായം**

**4 (4872)** ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ രോഗികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിക്ക് പുറമെ മറ്റെന്തെല്ലാം ധനസഹായങ്ങൾ ലഭിക്കുന്നുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇത്തരം ധനസഹായങ്ങൾക്ക് അപേക്ഷിക്കേണ്ടത് എങ്ങനെയെന്നും ആർക്കാണ് അപേക്ഷ നൽകേണ്ടതെന്നും വ്യക്തമാക്കുമോ ;

(സി) എല്ലാ ധനസഹായ പദ്ധതികളുടെയും അർഹതാ മാനദണ്ഡങ്ങൾ, പരമാവധി ധനസഹായം, എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും ധനസഹായം നൽകാറുണ്ട്. സർക്കാർ ആശുപത്രിയിലെ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, തഹസിൽദാരിൽനിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയാൽ ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽനിന്നും പരമാവധി 2000 രൂപ നൽകുന്നു. കൂടാതെ ആരോഗ്യ വകുപ്പിൽ നിന്നും "സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ" പദ്ധതി പ്രകാരം 24,000 രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ളവർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി & സി) ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും 24000 രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ളവർക്ക് സർക്കാർ ആശുപത്രിയിലെ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, തഹസിൽദാരിൽനിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയാൽ പരമാവധി 2000 രൂപ ധനസഹായം നൽകുന്നു. പ്രസ്തുത അപേക്ഷ ആരോഗ്യ വകുപ്പുമന്ത്രിയുടെ



LIBRARY ARCHIVES Kerala Legislative Assembly

ഓഫീസിലോ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലോ സമർപ്പിക്കാവുന്നതാണ്. ''സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ'' പദ്ധതി പ്രകാരം നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് തദ്ദേശ സ്വയംഭരണാധികാരിയുടെ സർട്ടിഫിക്കറ്റ് എന്നിവയും ഹാജരാക്കേണ്ടതാണ്. പ്രസ്തുത അപേക്ഷ സൊസൈറ്റിയുടെ മെമ്പർ സെക്രട്ടറിക്ക് സമർപ്പിക്കാവുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിലെ 5 സർക്കാർ മെഡിക്കൽ കോളേജുകൾ, ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി തിരുവനന്തപുരം, ആർ.സി.സി., തിരുവനന്തപുരം, എസ്.എ.റ്റി. തിരുവനന്തപുരം, ഐ.സി.എച്ച്. കോട്ടയം, ഐ.എം.സി.എച്ച് കോഴിക്കോട്, ഇ.എം.എസ്. സഹകരണ ആശുപത്രി പെരിന്തൽമണ്ണ, സഹകരണ മെഡിക്കൽ കോളേജ് പരിയാരം, സഹകരണ മെഡിക്കൽ കോളേജ് കൊച്ചി, മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി എന്നീ ആശുപത്രികളിലെ ചികിത്സയ്ക്ക് ശസ്ത്രക്രിയകൾക്കുമാണ് ധനസഹായം അനുവദിക്കുന്നത്. താഴെപ്പറയുന്ന രോഗങ്ങൾക്കും ശസ്ത്രക്രിയകൾക്കുമാണ് ധനസഹായം അനുവദിക്കുന്നത്.

| | രോഗത്തിന്റെ പേര് | | അനുവദിക്കുന്ന തുക |
|---|---|---|---|
| 1. | മസ്തിഷ്ക ശസ്ത്രക്രിയ | - | 20,000 |
| 2. | ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ | - | 20,000 |
| 3. | വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ | - | 20,000 |
| 4. | കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ | - | 20,000 |
| 5. | തൊറാസിക് ശസ്ത്രക്രിയ | - | 20,000 |
| 6. | പേസ്മേക്കർ സ്ഥാപിക്കൽ | - | 10,000 |
| 7. | ആൻജിയോപ്ലാസ്റ്റി | - | 10,000 |
| 8. | അസ്ഥി സംബന്ധമായ ശസ്ത്രക്രിയ | - | 10,000 |
| 9. | ക്യാൻസർ | - | 10,000 |
| 10. | ഡയാലിസിസ് | - | 10,000 |

**ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ കാമ്പസ്സും സബ് സെന്ററുകളും**

5 (4873) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. റ്റി. എൻ പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ പുതിയ കാമ്പസുകളോ സബ് സെന്ററുകളോ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly